(ബി) ഏതെല്ലാം തരത്തിലുള്ള പ്രശ്നങ്ങളാണ് അടച്ചുപൂട്ടലുകൾക്ക് കാരണമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ഐ.ഡി.സി. ഇതിനകം സാമ്പത്തിക സഹായം നൽകിയ മൊത്തം കമ്പനികൾ എത്ര; അവയിൽ അടച്ചുപൂട്ടിയവ എത്ര; ഉല്പാദനം നിലച്ചു പോയവ എത്ര; ഭാഗികമായി മാത്രം പ്രവർത്തിക്കുന്നവ എത്ര;

(ഡി) ഇതിന്റെയെല്ലാം ഫലമായി ഇതിനകം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ധനസഹായം ചെയ്തിട്ടുള്ള ചില വ്യവസായ സ്ഥാപനങ്ങൾ പല കാരണങ്ങൾ കൊണ്ട് അടഞ്ഞുകിടപ്പുണ്ട്. അവയിൽ ചിലത് വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. അങ്ങനെയല്ലാതെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കൊണ്ടേയിരിക്കുന്ന ഒരു സ്ഥിതി വിശേഷം നിലവിലില്ല. ചില വ്യവസായങ്ങൾ അടച്ചുപൂട്ടിയത് അതാത് സ്ഥാപനങ്ങളെ ബാധിച്ച ഓരോരോ കാരണങ്ങളാലാണ്. അതിന് ഒരു പൊതു സ്വഭാവമില്ല.

(സി) കെ.എസ്.ഐ.ഡി.സി. നിലവിൽവന്നശേഷം നാളിതുവരെ 470 കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അവയിൽ അനേകം കമ്പനികൾ വായ്പ തിരിച്ചടയ്ക്കുകയും ഓഹരികൾ കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും കെ.എസ്.ഐ.ഡി.സി.-യുമായി സാമ്പത്തിക ബന്ധമുള്ള 321 സ്ഥാപനങ്ങളിൽ 53 എണ്ണം പൂട്ടിക്കിടക്കുന്നു. അവയെല്ലാംതന്നെ ഉല്പാദനം നിലച്ചവയുമാണ്.

(ഡി) പൂട്ടിക്കിടക്കുന്ന 53 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം 6025 ആണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വോളന്ററി റിട്ടയർമെന്റ് സ്കീം

*17 [247] ശ്രീ. ടി. എൻ. പ്രതാപൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, പി. ടി. തോമസ്:
,, കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു വേണ്ടി പുതുതായി വോളന്ററി റിട്ടയർമെന്റ് സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് വി. ആർ. എസ്. സ്വീകരിക്കുന്ന ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബിൽ

*18 [248] ശ്രീ. മത്തായി ചാക്കോ:
,, എം. വി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ:
,, വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബില്ലിന് രൂപം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തൊഴിൽ ഉറപ്പാക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പദ്ധതി പ്രകാരം ഒരു വർഷം എത്ര തൊഴിൽ രഹിതർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി ഏത് ഏജൻസി വഴി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) ഇത് സംബന്ധമായ നിയമനിർമ്മാണം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി—ഇ) ബാധകമല്ല.

റെയിൽവേ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ നടപടി

*19 [249] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനത്തിന് കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly